കക്കാട് ഇലക്ട്രിസിറ്റി സബ്സ്റ്റേഷന്റെ പണി

482. [680] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം പഞ്ചായത്തിൽ കക്കാട് പ്രദേശത്ത് തുടങ്ങാൻ ഉദ്ദേശിച്ചിരിക്കുന്ന ഇലക്ട്രിസിറ്റി സബ് സ്റ്റേഷന്റെ പണി ആരംഭിക്കുന്നതിന് വേണ്ട നടപടികൾ എവിടം വരെയായി എന്നു വിശദമാക്കുമോ ;

(ബി) ഇതിന്റെ പണി ആരംഭിക്കുന്നതിനു എന്തെങ്കിലും തടസ്സമുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സബ്സ്റ്റേഷനാവശ്യമായ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കാനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു.

(ബി) ഇല്ല.

(സി) സ്ഥലം ബോർഡിന്റെ അധീനതയിലായാലുടൻ പണി ആരംഭിക്കുന്നതാണ്.

മലബാറിൽ പുതിയ വിദ്യുച്ഛക്തി സബ് സ്റ്റേഷനുകൾ

483. [681] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിൽ പുതുതായി വിദ്യുച്ഛക്തി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ പ്രവർത്തനം ഈ വർഷം തുടങ്ങുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിറ്റൂർ
ചെളാരി
ശ്രീകണ്ഠപുരം
ചന്തംപാമ്പ
കണിയാംപാറ
കുറ്റനാട്
ഒറ്റപ്പാലം
മട്ടന്നൂർ
മുള്ളേരിയ
കൊയിലാണ്ടി
കുറ്റിയാടി
ശ്രീകൃഷ്ണപുരം
പറളി
സുൽത്താൻ ബത്തേരി
ചുള്ളിമട
തലശ്ശേരി
കണ്ണൂർ

(സി) ഈ സബ്സ്റ്റേഷനുകൾ പലതിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾതന്നെ വിവിധ ഘട്ടങ്ങളിലാണ് മട്ടന്നൂർ, സുൽത്താൻബത്തേരി എന്നീ സബ്സ്റ്റേഷനുകളുടെ പണി ഉടനെ പൂർത്തിയാകും. കുറ്റനാട് ഒറ്റപ്പാലം, പറളി, ശ്രീകണ്ഠപുരം, കൊയിലാണ്ടി, തലശ്ശേരി, കണ്ണൂർ

LIBRARY ARCHIVES Kerala Legislative Assembly

എന്നീ സബ്സ്റ്റേഷനുകളുടെ പ്രാരംഭ ജോലികൾ തുടങ്ങിക്കഴിഞ്ഞു. ചേളാരിയിൽ 66 കെ. വി. ലൈൻ വലിക്കുന്നതിന് നാട്ടുകാർ തടസ്സം നിൽക്കുന്നതിനാൽ പണി മുടങ്ങിക്കിടക്കുകയാണ്. മറ്റു സബ്സ്റ്റേഷനുകളുടെ പണി ഏഴാം പദ്ധതിക്കാലത്ത് ചെയ്യുന്നതാണ്.

മല്ലപ്പള്ളിയിൽ ഒരു സബ്സ്റ്റേഷൻ

484. [682] **ശ്രീ. ടി. എസ്. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മല്ലപ്പള്ളി താലൂക്കിൽ വോൾട്ടേജ് പ്രശ്നം അതിരൂക്ഷമായിരിക്കുന്നു എന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) മല്ലപ്പള്ളിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു പരിഹരിക്കുന്നതിനായി ഇരവിപേരൂരിൽ നിന്നും മല്ലപ്പള്ളിയിലേക്കു 3 കി. മീ. ദൂരത്തിൽ ഒരു പ്രത്യേക ലൈൻ വലിക്കുവാനായി അംഗീകാരം നൽകിയിട്ടുണ്ട്. ഈ ലൈനിന്റെ പണി പൂർത്തിയാകുമ്പോൾ വോൾട്ടേജ് പ്രശ്നം ഏറെക്കുറെ പരിഹരിക്കപ്പെടുന്നതാണ്.

(സി) മല്ലപ്പള്ളിയിൽ ഒരു 66 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

വൈ. എം. ആർ. ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ

485. [683] **ശ്രീ. മണിമംഗലത്തു കുട്ട്യാലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നന്തൻകോട് വാർഡിൽപ്പെട്ട വൈ. എം. ആർ. ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിസിറ്റി ട്രാൻസ്ഫോർമർ വളരെ പഴകിയതാണെന്നു ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ട്രാൻസ്ഫോർമറിന്റെ തകരാറുമൂലം പ്രസ്തുത പ്രദേശത്തു ലോ വോൾട്ടേജും ഹൈവോൾട്ടേജും ഉണ്ടായി വീടുകളിൽ ഇലക്ട്രിക് സാധനങ്ങൾക്കു വലിയ നാശങ്ങൾ സംഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പഴയ ട്രാൻസ്ഫോർമർ മാറ്റി പകരം പുതിയ ട്രാൻസ്ഫോർമർ വൈ. എം. ആർ. ജംഗ്ഷനിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നന്തൻകോട് വാർഡിൽപ്പെട്ട വൈ. എം. ആർ. ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള 250 കെ. വി. എ. ട്രാൻസ്ഫോർമർ 10 കൊല്ലത്തിലേറെ പഴക്കമുള്ളതാണ്.

(ബി) ലോവോൾട്ടേജും ഹൈവോൾട്ടേജും അനുഭവപ്പെടുന്നതു പൊതുവേ വിദ്യുച്ഛക്തി മേഖലയിലെ താൽക്കാലിക വ്യതിയാനങ്ങൾ കൊണ്ടാണ്. അവ ട്രാൻസ്ഫോർമറിന്റെ തകരാറുകൊണ്ടുമൂലം ഉണ്ടാകുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly